**General** # Social Science **Set C**

**Performa for Scoring & Marking Scheme**

| Qn. No | Score | Value Points | Further Information |
|---|---|---|---|
| 1 | 1 | C) c, d | |
| 2 | 1 | B) എസ്.എൻ. അഗർവാൾ | |
| 3 | 1 | D) i, ii, iv ശരി | |
| 4 | 1 | C) A സമുദ്ര തീരത്തും B സമുദ്രത്തിൽ നിന്നും ഏറെ അകലെയുമായിരിക്കുമ്പോൾ | |
| 5 | 1 | C) i, iii | |
| 6 | 1 | A) (A) ശരിയാണ് (A) യുടെ ശരിയായ വിശദീകരണമല്ല (R) | |
| 7 | 1 | B) 1146 മുതൽ 4515 വരെ | |
| 8 | 1 | C) 1 ഉം 2 ഉം ശരി | |
| 9 | 2 | യൂറോപ്പിലെ മറ്റ് നഗരങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു ഇറ്റാലിയൻ നഗരങ്ങൾ, വാണിജ്യവൽക്കരണം, ഫ്യൂഡലിസത്തിന്റെ തകർച്ച, സമ്പന്നവിഭാഗം, സമ്പന്ന കുടുംബങ്ങൾ | |
| 10 | 2 | ഒരു വ്യക്തി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിശാലമായ സാമൂഹിക ഘടനകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തി വിശകലനം ചെയ്യാനുള്ള നൈപുണിയാണ് സമൂഹശാസ്ത്ര സങ്കല്പം. വ്യക്തിഗത പ്രശ്നങ്ങളെ വിശാലമായ സാമൂഹിക ഘടനയുടെ ഭാഗമായി കാണാൻ സഹായിക്കുന്ന ഒരു നൈപുണിയാണിത്. സാമൂഹിക പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതിനും വ്യക്തികളിൽ അനുതാപവും സഹിഷ്ണുതയും വളർത്തുന്നതിനും സമൂഹശാസ്ത്ര സങ്കല്പം സഹായിക്കുന്നു. വിമർശനാത്മകമായി കാര്യങ്ങളെ സമീപിക്കുന്നതിനും ഗുണാത്മകമല്ലാത്ത വഴക്കങ്ങളെ ചോദ്യം ചെയ്യുന്നതിനും സമൂഹശാസ്ത്ര സങ്കല്പം വ്യക്തികളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വന്തം ചിന്തകളെയും പ്രവൃത്തികളെയും വിമർശനാത്മകമായി വിലയിരുത്തുന്നതിനുള്ള സ്വയം പ്രതിഫലനം എന്ന കഴിവുകൂടി വ്യക്തികളിൽ വളർത്താൻ സമൂഹശാസ്ത്ര സങ്കല്പം സഹായിക്കുന്നു. അങ്ങനെ സാമൂഹിക ജീവിതത്തെ സമ്പന്നമാക്കുന്ന ശക്തമായ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | നൈപുണിയും സമീപനവുമായി സമൂഹശാസ്ത്ര സങ്കല്പം മാറുന്നു. | |
| 11 | 2 | പാരമ്പര്യേതര ഊർജമായി ഹൈഡ്രജനെ ഉപയോഗപ്പെടുത്തുന്നു. ശുദ്ധമായ ഒരു ഇന്ധനമായതിനാൽ ഇത് കത്തുമ്പോഴോ ഇന്ധനസെല്ലിൽ ഉപയോഗിക്കുമ്പോഴോ ജലബാഷ്പം മാത്രമേ പുറത്തുവിടുന്നുള്ളൂ. ഫോസിൽ ഇന്ധനങ്ങൾ കത്തുമ്പോഴുണ്ടാകുന്നതുപോലുള്ള മാലിന്യങ്ങൾ ഇവ പുറന്തള്ളുന്നില്ല. ഗതാഗതം മുതൽ വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് വരെ മുതൽക്കൂട്ടായ ഊർജമാണിത്. ഇതിന് പുനരുപയോഗ സാധ്യതയുണ്ട്. | |
| 12 | 2 | • ബില്ലിന് അംഗീകാരം നൽകുന്നുവെന്നോ നൽകുന്നില്ല എന്നോ പ്രഖ്യാപിക്കുക.<br>• ഭേദഗതിയോടെ നിയമസഭയിലേക്ക് തിരിച്ചയയ്ക്കുക.<br>• ബിൽ രാഷ്ട്രപതിയുടെ പരിഗണനക്കായി സമർപ്പിക്കുക. (ഏതെങ്കിലും 2 എണ്ണം) | |
| 13 | 2 | • ഉണ്ട്.<br>• ഖനനം, പാറപൊട്ടിക്കൽ എന്നീ മനുഷ്യ പ്രവർത്തനങ്ങൾ ശിലകളുടെ അപക്ഷയത്തിന് കാരണമാകുന്നു.<br>• ജൈവീക അപക്ഷയം | |
| 14 | 2 | • റൗലറ്റ് നിയമത്തിനെതിരെ ദേശീയ ഹർത്താലിന് ഗാന്ധിജിയുടെ ആഹ്വാനം<br>• സത്യാഗ്രഹസഭ രൂപീകരിക്കൽ<br>• ജനകീയ പങ്കാളിത്തം<br>• ഏറ്റവും വിസ്മയകരമായ കാഴ്ച | |
| 15 | 2 | സാമൂഹ്യ വിഭവങ്ങൾ എല്ലാ അംഗങ്ങൾക്കും പ്രാപ്യമാണ്. എന്നാൽ വ്യക്തിഗത വിഭവങ്ങൾ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ്. അവ എല്ലാവർക്കും പ്രാപ്യമാകണമെന്നില്ല. | |
| 16 | 3 | A) സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന വ്യത്യസ്തതകളാണ് വൈവിധ്യം. സാംസ്കാരികവും മതപരവും ഭാഷാപരവും വംശീയവും സാമൂഹികവുമായ വ്യത്യാസങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇത്തരം വൈവിധ്യങ്ങൾ തമ്മിൽ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 3 | പരസ്പരബന്ധമോ പരസ്പര ബഹുമാനമോ ഉണ്ടാകണമെന്നില്ല.<br>വൈവിധ്യങ്ങൾക്കതീതമായി വിവിധ സംഘങ്ങൾ തമ്മിലുള്ള ആശയവിനിമയം, പരസ്പര ബഹുമാനം പരസ്പര സ്നേഹം, സൗഹാർദം എന്നിവ ബഹുസ്വരത പ്രോത്സാഹിപ്പിക്കുന്നു. സമൂഹത്തിലെ വ്യത്യാസങ്ങളും വൈവിധ്യങ്ങളും ഭിന്നതകൾ സൃഷ്ടിക്കുന്നില്ലെന്നും ഐക്യത്തിലേക്കും സഹവർത്തിത്വത്തിലേക്കും നയിക്കുന്നുവെന്നും ബഹുസ്വരത ഉറപ്പാക്കുന്നു.<br>**അല്ലെങ്കിൽ**<br>B) ഭക്ഷണത്തിനുള്ള അസംസ്കൃതവസ്തുക്കൾക്കായി നഗരങ്ങൾ ഗ്രാമങ്ങളെ ആശ്രയിക്കുമ്പോൾ സാങ്കേതികവിദ്യക്കും വിപണിക്കുമായി ഗ്രാമങ്ങൾ നഗരങ്ങളെ ആശ്രയിക്കുന്നു. നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങൾ പരസ്പര ബന്ധങ്ങൾക്കും സാമൂഹിക സഹകരണത്തിനും ഊന്നൽ നൽകുന്നു.<br>ഗ്രാമ നഗര കുടിയേറ്റങ്ങൾ ഇരു സമൂഹങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നു. നഗര സമൂഹങ്ങൾ വ്യാവസായികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ആധുനിക തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്നു. നഗരജീവിതം സാംസ്കാരിക കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു. നഗരങ്ങളും ഗ്രാമങ്ങളും പരസ്പരാശ്രയത്വത്തോടെ സന്തുലിതാവസ്ഥ നിലനിർത്തുകയും ഇന്ത്യൻ സാമൂഹിക വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. | |
| 17 | 3 | **ടൺഡ്ര**<br>• വർഷം മുഴുവൻ ശൈത്യം അനുഭവപ്പെടുന്നു.<br>• വൃക്ഷങ്ങൾ പൊതുവെ കാണപ്പെടുന്നില്ല.<br>• ചെറുകുറ്റിച്ചെടികളും പായലുകളും ലൈക്കണുകളും കാണപ്പെടുന്നു.<br>• എസ്കിമോ, ലാപ്പാസ് തുടങ്ങി ഈ മേഖലയിലെ തദ്ദേശീയർ അർധ നാടോടി ജീവിതം നയിക്കുന്നു. | |
| 18 | | • ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും മതേതര ചിന്തയിലേക്കുള്ള മാറ്റം. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 3 | • മനുഷ്യ കേന്ദ്രീകൃതമായ ചരിത്രവ്യാഖ്യാനങ്ങൾക്ക് അംഗീകാരം<br>• മനുഷ്യജീവിതം ചരിത്രരചനയുടെ കേന്ദ്രബിന്ദുവായി.<br>• പുരാവസ്തു തെളിവുകൾ, ശേഷിപ്പുകൾ ഇവയ്ക്കുള്ള സ്ഥാനം<br>• ലിഖിതങ്ങൾ, നാണയങ്ങൾ, പ്രാചീന കൈയ്യെഴുത്ത് പ്രതികൾ തുടങ്ങിയവയ്ക്കുള്ള സ്ഥാനം.<br>• ശാസ്ത്രീയമായ അന്വേഷണങ്ങൾ, പഠനങ്ങൾ | |
| 19 | 3 | സമ്പദ്‌വ്യവസ്ഥയെ ചലിപ്പിക്കുന്നതും അതിന്റെ പ്രവർത്തനങ്ങളെ വേഗത്തിലാക്കുന്നതും പണമാണ്.<br>പ്രാഥമിക മേഖലയിലെ സാമ്പത്തിക പ്രവർത്തനമായ നെല്ല് ഉൽപാദിപ്പിക്കുന്ന കർഷകർക്ക് രാസവളങ്ങൾ, വിത്തിനങ്ങൾ, കീടനാശിനികൾ, യന്ത്രസാമഗ്രികൾ, തൊഴിലാളികൾ എന്നിവയെല്ലാം ആവശ്യമാണ്. കർഷകർ, വളം, യന്ത്രസാമഗ്രികൾ എന്നിവയ്ക്കായി പണം ചെലവഴിക്കുമ്പോൾ അത് വ്യാവസായിക മേഖലയിലെ ഉൽപാദകരുടെ വരുമാനമാർഗമായി തീരുന്നു. ഉൽപാദിപ്പിച്ച നെല്ല് വിപണിയിലെത്തിക്കാൻ ഗതാഗത സൗകര്യത്തെ ആശ്രയിക്കുമ്പോൾ അത് സേവനദാതാക്കളുടെ വരുമാനമാർഗമായി തീരുന്നു. (സമാനമായ ഉദാഹരണങ്ങളും പരിഗണിക്കാം) | |
| 20 | 3 | A)<br>• ഭരണഘടനയുടെ ഫെഡറൽ വ്യവസ്ഥയെ ഇല്ലാതാക്കി.<br>• മൗലികാവകാശങ്ങൾ മരവിപ്പിച്ചു.<br>• കോടതിയുടെ പുനരവലോകനാധികാരം ഇല്ലാതാക്കി.<br>• പ്രതിപക്ഷപാർട്ടി നേതാക്കളെ വിചാരണ കൂടാതെ ജയിലിലടച്ചു.<br>• പത്രങ്ങൾക്കും വാർത്തകൾക്കും സെൻസർഷിപ്പ് ഏർപ്പെടുത്തി.<br>• സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തി. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 3 | **അല്ലെങ്കിൽ**<br>B)<br>• ഭരണഘടനാശില്പിയായ ഡോ.ബി.ആർ. അംബേദ്കറുടെ ആശയങ്ങളാൽ പ്രചോദിതരായ ദളിത് വിഭാഗങ്ങൾ സംഘടിക്കുകയും പ്രസ്ഥാനങ്ങൾ രൂപീകരിക്കുകയും ചെയ്തു.<br>• 1972-ൽ മഹാരാഷ്ട്രയിൽ രൂപീകരിക്കപ്പെട്ട ദളിത് പാന്തേഴ്സ് പ്രസ്ഥാനം ജാതിവിവേചനങ്ങൾക്കെതിരെ അക്രമോൽസുകമായ ചെറുത്തുനില്പുകൾ നടത്തി.<br>• ജാതിവിവേചനങ്ങൾക്കെതിരെ അക്രമോൽസുകമായ ചെറുത്തുനില്പുകൾ, വൻജനപങ്കാളിത്തത്തോടെയുള്ള പ്രക്ഷോഭങ്ങൾ, സാഹിത്യ സാംസ്കാരിക പരിപാടികൾ, മറ്റ് സാമൂഹിക നീതി പ്രസ്ഥാനങ്ങളുമായി ചേർന്ന് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു.<br>• തൊട്ടുകൂടാത്തവരായി കരുതി മാറ്റി നിർത്തപ്പെട്ടവരുടെ ജീവിതം സാഹിത്യം, സിനിമ, നാടകം തുടങ്ങിയവയിൽ പ്രമേയം ആക്കുന്നതിനും ദളിതർക്കെതിരായ ആക്രമണങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നതിനും ദളിത് പാന്തേഴ്സ് പ്രസ്ഥാനത്തിന് കഴിഞ്ഞു.<br>• ബാക്ക്വേർഡ് ആന്റ് മൈനോറിറ്റി കമ്മ്യൂണിറ്റീസ് എംപ്ലോയീസ് ഫെഡറേഷനും അതിന്റെ ഇടപെടലും ഉത്തരമായി ചേർക്കാവുന്നതാണ്. | |
| 21 | 3 | • ജനങ്ങളുടെ ശരാശരി വരുമാനമാണ് പ്രതിശീർഷ വരുമാനം<br>• പ്രതിശീർഷ വരുമാനം $= \frac{\text{ദേശീയ വരുമാനം}}{\text{ജനസംഖ്യ}}$<br>• വ്യക്തിഗത വരുമാനം ഒരാളുടെ യഥാർഥ വരുമാനമാണ്<br>**പോരായ്മകൾ**<br>• ഇത് ഒരു ശരാശരി വരുമാനം മാത്രമാണ് | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | • സമ്പത്തിന്റെ വിതരണവും അസമത്വവും സംബന്ധിച്ച വിവരങ്ങൾ പ്രതിശീർഷ വരുമാനത്തിൽ പ്രതിഫലിക്കുന്നില്ല.<br>• പ്രതിശീർഷവരുമാനം ദേശീയ വരുമാനത്തെ ആശ്രയിച്ച് കണക്കാക്കുന്നതിനാൽ ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള പരിമിതികൾ പ്രതിശീർഷ വരുമാനത്തെയും ബാധിക്കുന്നു.<br>• ജീവിത ഗുണത വർധിപ്പിക്കുന്ന ഘടകങ്ങൾ പ്രതിശീർഷ വരുമാനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. | |
| 22 | 3 | • പൂർണ്ണസ്വരാജ്<br>• ബഹുജനസമരം ആരംഭിക്കാൻ ഗാന്ധിജിക്ക് ചുമതല<br>• ത്രിവർണ്ണ പതാക<br>• ജവഹർലാൽ നെഹ്റു ആധ്യക്ഷം വഹിച്ചു. | |
| 23 | 3 | മൊബൈൽ ബാങ്കിങ്, ഓൺലൈൻ ബാങ്കിങ് എന്നിവയുടെ വരവോടെ ഉപഭോക്താക്കൾക്ക് വിവിധ ബാങ്കിങ് സേവനങ്ങൾ സ്മാർട്ട് ഫോൺ, കമ്പ്യൂട്ടർ എന്നിവയിലൂടെ ലഭ്യമാകുന്നു. നിശ്ചിതസമയത്തും ദിവസങ്ങളിലും മാത്രം ലഭ്യമായിരുന്ന ബാങ്കിങ് സേവനങ്ങൾ വർഷത്തിൽ 365 ദിവസവും ലോകത്തിലെവിടെയും ലഭ്യമാകുന്നത് സാങ്കേതികവിദ്യയുടെ ഇടപെടൽ കൊണ്ടാണ്. ഇടപാടുകളുടെ വേഗത വർധിക്കുവാനും സാങ്കേതികവിദ്യ സഹായകമായി. സൈബർ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യക്തിഗതസേവനങ്ങൾ ലഭ്യമാക്കുന്നതിനും ചിലവ് കുറയ്ക്കുന്നതിനും ഏറെ സഹായിക്കുന്നു. | |
| 24 | 4 | A) 1966 ൽ ബോംബെയിൽ കൺസ്യൂമർ ഗൈഡൻസ് സൊസൈറ്റി ഓഫ് ഇന്ത്യയുടെ രൂപീകരണത്തോടുകൂടിയാണ് ഇന്ത്യയിൽ ഉപഭോക്തൃ സംരക്ഷണപ്രസ്ഥാനം നിലവിൽ വരുന്നത്. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടി രൂപം കൊണ്ട ഒരു സാമൂഹിക മുന്നേറ്റമാണിത്. ഉപഭോക്താക്കളെ വഞ്ചിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന വിവിധ ഉപഭോക്തൃ സംഘടനകളും | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 4 | വ്യക്തികളുമാണ് ഈ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നത്. ഉപഭോക്തൃ അവകാശങ്ങൾ സംരക്ഷിക്കുക, നിയമനിർമ്മാണം നടത്തുക, തട്ടിപ്പുകളെ തടയുക, ഉപഭോക്താവിനെ ശാക്തീകരിക്കുക, പരസ്യങ്ങളിൽ സത്യസന്ധമായ വിവരങ്ങളാണെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി ഉപഭോക്താവിന് സംരക്ഷണം ഉറപ്പാക്കാൻ സാധിക്കുന്നു.<br>**അല്ലെങ്കിൽ**<br>B) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി സ്ഥാപിച്ചു. ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ നടത്തുന്ന അന്യായമായ വ്യാപാരം തടയാനുള്ള നിയമങ്ങൾ നിലവിൽ വന്നു. കൂടാതെ ഉപഭോക്തൃ തർക്ക പരിഹാരപ്രക്രിയ ലളിതമാക്കി. ഈ നിയമപ്രകാരം ഉപഭോക്തൃ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തി. മായം കലർന്ന വ്യാജവസ്തുക്കളുടെ നിർമ്മാണമോ വില്പനയോ നടത്തുന്നവരെ ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്നു. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രചരിപ്പിക്കുന്നത് തടയുന്നു. ഇത്തരത്തിൽ 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഉറപ്പുവരുത്തുന്ന സവിശേഷതകൾ ഉപഭോക്താവിനെ സംരക്ഷിക്കാൻ പര്യാപ്തമാണോ എന്ന് വിലയിരുത്തുന്നതിന്. | |
| 25 | 4 | A. മെഡിറ്ററേനിയൻ കാലാവസ്ഥാമേഖല<br>B. ആസ്ട്രേലിയൻ മരുഭൂമി<br>C. മൺസൂൺ കാലാവസ്ഥാമേഖല<br>D. സാവന്ന | |
| 26 | 4 | • വിദ്യാഭ്യാസം, ആരോഗ്യമേഖലയിലെ മുന്നേറ്റങ്ങൾ<br>• സാർവത്രിക സൗജന്യ വിദ്യാഭ്യാസം | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | • കുറഞ്ഞ ചെലവിൽ പരിമിത സാഹചര്യങ്ങളിൽ നിന്നുകൊണ്ടുള്ള ആരോഗ്യപരിപാലനം ഉറപ്പാക്കൽ<br>• പ്രതിശീർഷ വരുമാനം കുറവായിരുന്നിട്ടും മാനവിക വികസന സൂചികയിൽ ആഗോള നിലവാരം<br>• സാർവത്രിക പൊതുവിതരണ സമ്പ്രദായത്തിലൂടെ ദാരിദ്ര്യ ലഘൂകരണം<br>• സ്ത്രീ ശാക്തീകരണ രംഗത്ത് കുടുംബശ്രീ<br>• പ്രാദേശിക ഭരണങ്ങളുടെ വികേന്ദ്രീകരണ ആസൂത്രണം<br>• സാക്ഷരത<br>ഈ ആശയങ്ങൾ വിശദീകരിച്ചെഴുതുന്നതിന് | |
| 27 | 4<br><br>4 | A) ഭൂദ്രവ്യശോഷണം<br>ഗുരുത്വാകർഷണ ബലത്തിന്റെ നേരിട്ടുള്ള സ്വാധീനം മൂലം ശിലാകഷ്ണങ്ങൾ അല്ലെങ്കിൽ ഭൗമവസ്തുക്കൾ ചരിവുള്ള ഭൂപ്രതലത്തിലൂടെ താഴേക്ക് പതിക്കുന്ന പ്രക്രിയയാണ് ഭൂദ്രവ്യശോഷണം. എന്നാൽ വിവിധ അപക്ഷയപ്രക്രിയകൾ മൂലമോ മറ്റ് പ്രവർത്തനങ്ങളാലോ രൂപം കൊണ്ട ശിലാവശിഷ്ടങ്ങളെ ഒഴുകുന്ന ജലം, ഹിമാനികൾ, കാറ്റ്, തിരമാല എന്നീ ശക്തികൾ ഒരിടത്ത് നിന്നും ശേഖരിച്ച് അവിടെ നിന്നും നീക്കം ചെയ്യുന്ന പ്രക്രിയയാണ് അപരദനപ്രക്രിയ.<br>**അല്ലെങ്കിൽ**<br>B)<br>• സുനാമികൾ<br>• കടലിനടിയിലുണ്ടാകുന്ന വൻഭൂകമ്പം അനേകം മീറ്ററുകൾ ഉയർന്നു പൊങ്ങുന്ന ഭീമൻ തിരമാലകൾ സൃഷ്ടിക്കുന്നു. ഇത്തരം തിരമാലകളാണ് സുനാമികൾ. കടലിനടിയിലുണ്ടാകുന്ന അഗ്നിപർവത സ്ഫോടനങ്ങൾ, ഉൽക്കകളുടെ പതനം എന്നിവ മൂലമുണ്ടാകുന്ന ആഘാതങ്ങൾ എന്നിവയും സുനാമിക്ക് കാരണമാകാം. | |
| 28 | 4 | **വിദ്യാഭ്യാസ സ്ഥാപനങ്ങൾ**<br>• അവകാശങ്ങൾ, കടമകൾ, ശാസ്ത്രീയ ചിന്ത, വിമർശനാത്മകചിന്ത, സംസ്കാരം | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | തുടങ്ങിയവയിലുള്ള അറിവും നൈപുണിയും കുട്ടി ആർജിച്ചെടുക്കുന്നു.<br>• വിവിധ വിഷയങ്ങളിലുള്ള ധാരണകൾ കുട്ടികളിൽ രൂപപ്പെടുത്തുന്നു<br>• സ്കൂൾ പാർലമെന്റ്, ക്ലബ് പ്രവർത്തനങ്ങൾ, കലാകായിക മേളകൾ തുടങ്ങി നിരവധിയായ വിദ്യാലയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ജനാധിപത്യബോധവും പൗരബോധവും നൽകുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതോടൊപ്പം അഭിപ്രായ പ്രകടനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും അതുവഴി പൊതുജനാഭിപ്രായ പ്രകടനത്തിനുള്ള നൈപുണി ആർജ്ജിക്കുകയും ചെയ്യുന്നു.<br>**സമപ്രായസംഘങ്ങൾ**<br>• സമപ്രായസംഘങ്ങൾക്കിടയിലെ സംവാദങ്ങൾ, ചർച്ചകൾ തുടങ്ങിയവ പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നു.<br>• സർക്കാർ നയങ്ങളോടുള്ള സമീപനം, വിവിധ വിഷയങ്ങളിൽ പുലർത്തുന്ന മനോഭാവം, രാഷ്ട്രീയ പാർട്ടികളോടുള്ള സമീപനം എന്നിവയിലെല്ലാം ഇതിലെ അംഗങ്ങൾക്ക് പരസ്പരം സ്വാധീനിക്കാൻ കഴിയും.<br>• പൊതു അഭിപ്രായങ്ങൾ ഉയർത്തിക്കൊണ്ടുവരാനും നിലവിലുള്ളവയെ തിരുത്തുവാനും ശരിയായ അഭിപ്രായങ്ങളിലേക്ക് എത്താനും സമപ്രായ സംഘങ്ങളിലെ ചർച്ചകൾ സഹായകമാണ്. ഇങ്ങനെ സമപ്രായ സംഘങ്ങളിലെ ചർച്ചകളും സംവാദങ്ങളും പൊതുജനാഭിപ്രായ രൂപീകരണത്തിലേക്ക് നയിക്കുന്നു. | |
| 29 | 4 | A) ഫ്യൂഡലിസത്തിന്റെ തകർച്ച – പഴയ നിയമങ്ങൾ ഇല്ലാതായി – സഭയുടെ ഭൂമി ഇടത്തരക്കാരുടെ കൈവശമായി – പ്രഭുക്കളുടെ ഭൂമി കണ്ടുകെട്ടി – പ്രഭുക്കളുടെ ആനുകൂല്യങ്ങൾ നിർത്തലാക്കി – ഫ്രഞ്ച് ചിന്തകർ ലോകത്തിന് നൽകിയ സംഭാവനകൾ – അവകാശങ്ങൾ നേടിയെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം – ഏകീകൃത അളവുസമ്പ്രദായം – ആധുനിക ദേശീയത | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | 4 | – രാഷ്ട്രം എന്ന സങ്കല്പം – ജനാധിപത്യ ഭരണക്രമം – ജനങ്ങളുടെ പരമാധികാരം – പിൽക്കാല സമരങ്ങളെ സ്വാധീനിച്ചു<br>**അല്ലെങ്കിൽ**<br>B) സ്വേച്ഛാധിപത്യ ഭരണം – ബൂർബൺ രാജാക്കന്മാർ - രാജാധികാരം ദൈവദത്തമാണ് – എസ്റ്റേറ്റ്സ് ജനറൽ വിളിച്ച് ചേർത്തില്ല – ലൂയി പതിനാലാമൻ – 'ഞാനാണ് രാഷ്ട്രം' – ലൂയി പതിനഞ്ചാമൻ – അഴിമതി – ധൂർത്ത് – പുതിയ നികുതികൾ – ലൂയി പതിനാറാമൻ – ഭരണകാര്യത്തിൽ താൽപര്യം കാണിച്ചില്ല – മാരി അന്റോയിനറ്റ് രാജ്ഞിയുടെ ധാരാളിത്തവും ധൂർത്തും | |
| 30 | 5<br><br><br><br><br><br><br><br><br><br><br><br><br><br>5 | A)<br>• ഗാന്ധിജി ഇടപെട്ട ആദ്യകാല സമരങ്ങൾ പ്രദേശിക സമരങ്ങളായിരുന്നു<br>• ഗാന്ധിജി എന്ന ദേശീയ നേതാവിന്റെ ഉദയം<br>• ഗാന്ധിജിയുടെ രാഷ്ട്രീയ നിലപാടും സമരരീതിയും ജനങ്ങൾ പരിചയപ്പെട്ടു<br>• നിസഹകരണ സമരം- ബഹുജനസമരമായി രുന്നു<br>• ഖിലാഫത്ത് കമ്മിറ്റിയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും നേതൃത്വത്തിൽ അക്രമരഹിതമായ സമരമായിരുന്നു<br>• ഗ്രാമ-നഗരമേഖലകളിൽ സമരം ഒരുപോലെ ശക്തമായിരുന്നു<br>• സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ, ഗോത്രജനത, കർഷകർ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം<br>**അല്ലെങ്കിൽ**<br>B)<br>• കോളനികളെ അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള ഇടവും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയുമാക്കി മാറ്റുന്നതിനായി യൂറോപ്യർ അവിടങ്ങളിൽ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുകയും അത് സാമ്രാജ്യത്വത്തിലേക്ക് വഴി തെളിയിക്കുകയും ചെയ്തു. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | • സാമ്രാജ്യത്വ രാജ്യങ്ങളുടെ കിടമത്സരത്തിൽ ജർമ്മനിയുടെ സാമ്പത്തിക പുരോഗതി ഫ്രാൻസിനെയും ഇംഗ്ലണ്ടിനെയും ആശങ്കപ്പെടുത്തി.<br>• ബർലിൻ - ബാഗ്ദാദ് റെയിൽവേയുടെ ആസൂത്രണം<br>• സാമ്രാജ്യത്വ സംഘർഷങ്ങളും ശത്രുതയും<br>• തീവ്രദേശീയത - പാൻസ്ലാവ്, പാൻജർമ്മൻ പ്രസ്ഥാനങ്ങൾ<br>• സൈനിക സഖ്യങ്ങളുടെ രൂപീകരണം – ത്രികക്ഷി സഖ്യം, ത്രികക്ഷി സൗഹാർദ്ദം | |
| 31 | 5<br><br>5 | A)<br>• മിതോഷ്ണ പുൽമേടുകൾ<br>• ഹ്രസ്വമായ വേനൽക്കാലവും ദീർഘവുമായ ശൈത്യകാലവും<br>• ശൈത്യകാല താപനില $2^0$C മുതൽ $13^0$C വരെ<br>• വാർഷിക വർഷമഴ 25 cm മുതൽ 60 cm വരെ<br>• പുല്ലുവർഗത്തിൽപ്പെട്ട വിവിധയിനം സസ്യങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്<br>• ഇരു അർധഗോളങ്ങളിലുമായി $40^0$ മുതൽ $55^0$ വരെ അക്ഷാംശങ്ങൾക്കിടയിൽ കാണപ്പെടുന്നു<br>(ഏതെങ്കിലും 3 എണ്ണം)<br>• പ്രയറി, പാംപാസ്, വെൽഡ്, ഡൗൺസ്<br><br>**അല്ലെങ്കിൽ**<br><br>B)<br>a) അന്തരീക്ഷത്തിലെ മർദവ്യതിയാനങ്ങൾ നമുക്ക് അനുഭവവേദ്യമാകുന്നത് വായു ചലനങ്ങളിലൂടെയാണ്. തിരശ്ചീനദിശയിൽ ഉച്ചമർദ പ്രദേശങ്ങളിൽ നിന്നും ന്യൂനമർദ പ്രദേശങ്ങളിലേക്കുള്ള വായുവിന്റെ ചലനത്തെ കാറ്റ് എന്ന് വിളിക്കുന്നു.<br>b) മർദചരിവ് കുറഞ്ഞ പ്രദേശം A ആണ്. ഇവിടെ അടുത്തുള്ള സ്ഥലങ്ങൾ തമ്മിൽ കാര്യമായ മർദവ്യത്യാസമില്ല. അതിനാൽ സമമർദരേഖകൾ തമ്മിൽ അകലം കൂടുതലാണ്. അതിനാൽ ഇവിടെ മർദചരിവ് കുറവാണ്. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | c) B എന്ന പ്രദേശത്താണ് കാറ്റിന്റെ വേഗത കൂടുതൽ. കാരണം ഇവിടെ മർദചരിവ് കൂടുതലാണ്. അടുത്തുള്ള സ്ഥലങ്ങൾ തമ്മിൽ കാര്യമായ മർദവ്യതിയാനം നിലനിൽക്കുന്നു. അതിനാൽ സമമർദരേഖകൾ വളരെ അടുത്തായി കാണപ്പെടുന്നു. ഇത് ഇവിടെ മർദചരിവ് കൂടുതലാണ് എന്നതിനെ സൂചിപ്പിക്കുന്നു. ഇവിടെ മർദചരിവ് കൂടുതലായതിനാൽ കാറ്റിന്റെ വേഗതയും കൂടുതലാണ്. | |

© State Assessment Cell, SCERT Kerala